# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2910 | 12-10-2011 ൽ മറുപടിയ്ക്ക്

## ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കൊടിയേരി ബാലകൃഷ്ണൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മുൻ സർക്കാർ നടപ്പാക്കി വന്ന ഭക്ഷ്യസുരക്ഷാ പദ്ധതി ഇപ്പോൾ തുടർന്നു വരുന്നുണ്ടോ; | (എ) തുടർന്നു വരുന്നുണ്ട്. |
| (ബി) ഈ പദ്ധതിയിലൂടെ നെല്ല്, പാൽ, മുട്ട തുടങ്ങിയവയുടെ ഉല്പാദനത്തിൽ എന്തുമാത്രം വർദ്ധന ഉണ്ടായി; | (ബി) നെല്ലിന്റെ ഉല്പാദനത്തിൽ 2007-08 മുതൽ 2009-10 വരെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ ഉല്പാദനത്തിന്റെ കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| വർഷം | | ഉല്പാദനം (മെട്രിക് ടൺ) |
|---|---|---|
| 2007-08 | - | 528488 |
| 2008-09 | - | 590241 |
| 2009-10 | - | 598337 |

ഭക്ഷ്യ സുരക്ഷാ പദ്ധതിയിലൂടെ പാൽ ഉല്പാദന വർദ്ധനവിന് സഹായകരമായ വിവിധ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 2008-09 ൽ 24.63 ലക്ഷം ടൺ ആയിരുന്ന വാർഷിക പാലുല്പാദനം 2010-11 ൽ 27.0 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

ഇതുപോലെ മുട്ടയുൽപ്പാദനം 2005-06 ൽ 119.56 കോടിയിൽ നിന്നും 2010-11 ആയപ്പോൾ 167.7 കോടിയായി ഉയർത്തുവാൻ സാധിച്ചു.

(സി) പദ്ധതിയുടെ ഭാഗമായി നടപ്പുവർഷം എത്രപേർക്ക് പലിശരഹിത വായ്പകൾ നൽകും; തരിശുഭൂമി കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങൾ നൽകും; വിശദമാക്കുമോ?

(സി) നെൽകൃഷി ചെയ്യുന്ന അർഹതയുള്ള മുഴുവൻ നെൽകർഷകർക്കും സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകൃഷിക്കായി പലിശരഹിത വായ്പാവിതരണം ചെയ്യുന്നതാണ്. ഏകദേശം 30,000 ഓളം നെൽ കർഷകർക്ക് നടപ്പുവർഷം പലിശ രഹിത വായ്പ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. തരിശുഭൂമി കൃഷിയ്ക്ക് നെല്ലിന്റെ ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ 3000 ഹെക്ടർ തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 5,000/- രൂപ ധനസഹായം നൽകി വരുന്നു. വനിതാ ഗ്രൂപ്പുകൾക്ക് നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ 750 ഹെക്ടർ സ്ഥലത്തേയ്ക്ക് ധനസഹായം നൽകും.

തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന നടപടി ക്രമങ്ങൾ, നിയമസഹായം, വായ്പാ സൗകര്യങ്ങൾ, ഉല്പാദനോപാധികൾ, വിപണന സൗകര്യം എന്നിവ ലഭ്യമാക്കുന്നതാണ്. 2011-12 വർഷത്തിലെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ